# ആരോഗ്യ കേരളം

2022 ജൂൺ

വാർത്താപത്രിക

AROGYAKERLAM NEWS LETTER

follow us on /arogyakeralam https://arogyakeralam.gov.in




## പുകയില ഉപേക്ഷിക്കാം ജീവിതത്തിൽ പ്രകാശം പരത്താം

### ദിവസേനയുള്ള പുകവലി നിങ്ങളുടെ ജീവിതത്തിലെ ദിവസങ്ങൾ കുറച്ചേക്കാം

പുകയില ഉത്പന്നങ്ങളുടെ ഉപയോഗം ഹൃദ്രോഗം, അർബുദം, പക്ഷാഘാതം തുടങ്ങിയ ജീവഹാനിയായ രോഗങ്ങൾക്ക് കാരണമാകുന്നുവെന്നോർക്കാം



## 'നിപ അനുഭവവും പഠനവും'; സംസ്ഥാനതല ശിൽപശാല സംഘടിപ്പിച്ചു



നിപ അനുഭവവും പഠനവും; സംസ്ഥാനതല ശിൽപശാല ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട്: ആരോഗ്യരംഗത്ത് ഏറെ വെല്ലുവിളികൾ സൃഷ്ടിച്ച നിപ വൈറസ് വ്യാപനത്തെ ആസ്പദമാക്കി ശിൽപശാല സംഘടിപ്പിച്ചു. കേരളത്തിന് നിപ നൽകിയ അനുഭവങ്ങളും വൈറസ് വ്യാപനം ചെറുക്കാൻ സർക്കാറിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും ഒരുമിച്ചുള്ള പ്രവർത്തനങ്ങളുടെ പങ്കുവെക്കലും ശിൽപശാലയുടെ ഭാഗമായി. വെള്ളിമാടുകുന്നിലുള്ള ജെൻഡർ പാർക്കിൽ നടന്ന സംസ്ഥാനതല ശിൽപശാല ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് ആദ്യമായി നിപ റിപ്പോർട്ട് ചെയ്തത് 2018ലായിരുന്നു. ആരോഗ്യപ്രവർത്തകരുടെ കൃത്യമായ ഇടപെടൽ മൂലമാണ് വൈറസ് വ്യാപനത്തെ ചെറുത്ത് നിൽക്കാനായത്. പിന്നീട് 2019 ലും 2021 ലും നിപ ബാധയുണ്ടായെങ്കിലും മികച്ച പ്രതിരോധത്തിലൂടെ ഇല്ലാതാക്കി. നിപ മഹാമാരികാലത്ത് കേരളം കടന്നു പോയ വഴികൾ, ഫലപ്രദമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും ഭാവിയിൽ ഇത്തരം മഹാമാരികളെ പ്രതിരോധിക്കാൻ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെക്കുറിച്ചും ശിൽപശാല ചർച്ച ചെയ്തു. നിപക്കെതിരെ പൊതു ജാഗ്രതയുണ്ടാക്കുന്നതിനും നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. പകർച്ചവ്യാധിക്കെതിരായ മുന്നൊരുക്കങ്ങൾ, ഉറവിടങ്ങൾ, തയ്യാറെടുപ്പുകൾ, പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങൾ ആരോഗ്യവിദഗ്ധർ അവതരിപ്പിച്ചു.

പരിപാടിയിൽ 14 ജില്ലകളിൽ നിന്നുള്ള ആരോഗ്യവിദഗ്ധർ ഒപ്പം മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധർ, മൃഗസംരക്ഷണവകുപ്പ്, എൻ.ഐ.വി പൂനെ, വനംവകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജി തിരുവനന്തപുരം, ഐ.സി.എം.ആർ എന്നിവടങ്ങളിൽ നിന്നുള്ള വിദഗ്ധർ പരിപാടിയിൽ വിഷയങ്ങൾ അവതരിപ്പിച്ചു. നിപ പ്രതിരോധത്തിന്റെ ചിത്രങ്ങൾ ഉൾക്കൊള്ളിച്ച എക്സിബിഷനും സംഘടിപ്പിച്ചു. പ്രതിരോധ പ്രവർത്തനത്തിനിടയിൽ നിപ ബാധിച്ച് മരിച്ച സിസ്റ്റർ ലിനി ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ ഓർമ്മയ്ക്ക് മുന്നിൽ ശിൽപശാല സ്മരണാഞ്ജലി അർപ്പിച്ചു.

## സംസ്ഥാനത്ത് ബ്ലോക്ക് ലെവൽ ഹെൽത്ത് മേളക്ക് തുടക്കം



ബ്ലോക്ക് ലെവൽ ഹെൽത്ത് മേളയുടെ സംസ്ഥാന തല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കുന്നു.

തൃശ്ശൂർ: സംസ്ഥാനത്ത് നടക്കുന്ന റവന്യു ബ്ലോക്ക് അടിസ്ഥാനമാക്കിയുള്ള ആരോഗ്യമേളക്ക് ജില്ലയിൽ തുടക്കമായി. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായാണ് സംസ്ഥാനത്തെ 152 റവന്യൂ ബ്ലോക്കുകളിലായി ഹെൽത്ത് മേള സംഘടിപ്പിക്കുന്നത്. കൊടകര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന മേള ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവ്വഹിച്ചു. കെ.കെ. രാമചന്ദ്രൻ എം.എൽ.എ അധ്യക്ഷനായി. മേള പൊതുജനപങ്കാളിത്തം കൊണ്ട് ശ്രദ്ധയാകർഷിച്ചു.

വിവിധ ആരോഗ്യസേവനങ്ങൾ, സർക്കാരിന്റെ ആരോഗ്യ പദ്ധതികൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തുടനീളം മേളസംഘടിപ്പിക്കുന്നത്. ഇ- സഞ്ജീവനി ഒ.പി.ഡി. ടെലി മെഡിസിൻ, ഹൃദ്രോഗവിഭാഗം, സ്ത്രീരോഗവിഭാഗം, കുട്ടികളുടെ വിഭാഗം, ത്വക്ക്രോഗ വിഭാഗം, ഇ.എൻ.ടി, നേത്രരോഗ വിഭാഗം, ജനറൽ മെഡിസിൻ, വൃക്കരോഗവിഭാഗം, ആർ.ബി.എസ്.കെ.സ്ക്രീനിങ്ങ്, കുഷ്ഠരോഗ പരിശോധന, ജീവിതശൈലിരോഗ പരിശോധന, ക്ഷയരോഗ പരിശോധന, മാനസികാരോഗ്യ കൗൺസിലിങ്ങ്, ആയുർവ്വേദം, ഹോമിയോ തുടങ്ങിയ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ മേളയുടെ ഭാഗമായി നടത്തി. ഏഴ് ദേശീയ രോഗ പരിപാടികളുടെ ഭാഗമായി സ്ക്രീനിങ്ങും സംഘടിപ്പിച്ചു. മരുന്ന് വിതരണവും ലാബ് സൗകര്യവും മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു.

ആയുഷ്മാൻ ഭാരത് ഹെൽത്ത് ആന്റ് വെൽനസ്സ് നാല് വർഷം പൂർത്തീകരിക്കുന്നതിന്റെ സൂചകമായി നാല് ഔഷധ വൃക്ഷതൈകൾ ആരോഗ്യമന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ നട്ടു. മേളയുടെ ഭാഗമായി നടന്ന എക്സിബിഷൻ, സെൽഫികോർണർ, തംബ് ഇൻപ്രക്ഷൻ ക്യാമ്പയിൻ എന്നിവ ടി.എൻ.പ്രതാപൻ എം പി, കെ.കെ. രാമചന്ദ്രൻ എം.എൽ.എ. എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രൊഫ.സി.രവീന്ദ്രനാഥ് മുൻ വിദ്യാഭ്യാസ മന്ത്രി, ഡോ.ജയകൃഷ്ണൻ. ടി പ്രൊഫ. കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്, കോഴിക്കോട്, ഡോ.സി രോഹിണി, നവകേരള കർമ്മ പദ്ധതി 2 നോഡൽ ഓഫീസർ, എറണാകുളം എന്നിവരുടെ നേതൃത്വത്തിൽ 'കാലാവസ്ഥവ്യതിയാനവും ആരോഗ്യവും' എന്ന വിഷയത്തിൽ ആരോഗ്യ സെമിനാറും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

റാലി, പഞ്ചവാദ്യം, തെയ്യം, ഫ്ളാഷ്മോബ്, ചാക്യാർകൂത്ത്, ഗാനമേള, ലഘുനാടകം, ആരോഗ്യക്വിസ്, ക്ലാസ്സുകൾ എന്നിവയും മേളയുടെ പ്രചരണാർഥം സംഘടിപ്പിച്ചു. 600 ഓളം പൊതുജനങ്ങൾ ക്യാമ്പിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തി.

### തിരഞ്ഞെടുത്ത ആശാപ്രവർത്തകർക്ക് മനോരമയുടെ പുരസ്കാരം

## കരുതലേകിയ കരങ്ങൾക്ക് അംഗീകാരം



കൊച്ചി: ആപത്തു ഘട്ടങ്ങളിൽ തണലായി നിന്ന് കരുതലേകിയ ആശാകരങ്ങൾക്ക് പുരസ്കാരം. മനോരമ ന്യൂസ് സംഘടിപ്പിച്ച ആശാതാരം പരിപാടിയിലൂടെയാണ് സംസ്ഥാനത്തെ മികച്ച ആശാപ്രവർത്തകരെ തിരഞ്ഞെടുത്തത്. കൊച്ചിയിൽ നടന്ന പരിപാടിയിൽ നടൻ ജയസൂര്യ വിജയികളെ പ്രഖ്യാപിച്ചു. തിരഞ്ഞെടുക്കപ്പെട്ട 10 ആശാപ്രവർത്തകർക്ക് ഒരു ലക്ഷം രൂപ വീതം സമ്മാനത്തുകയായി നൽകി.

തിരുവനന്തപുരം വലിയതുറ സ്വദേശി അൽഫോൻസിയ ബോസ്, കണ്ണൂർ പാപ്പിനിശ്ശേരി ഇല്ലിപ്പുറം വി വി ബിന്ദു, ഇടുക്കി മൂന്നാർ കാർമൽ ജ്യോതി, കോഴിക്കോട് കുന്നമംഗലം പൈങ്ങോട്ടുപുരം എം ലീല, പാലക്കാട് കോട്ടോപ്പാടം കെ മൈമുന, എറണാകുളം ഇടപ്പള്ളി മെറീന ബോസ്, തൃശൂർ നടത്തറ ഷാഹിദ സത്യൻ, മലപ്പുറം പുതുപ്പൊന്നാനി കെ ഷീജ, ചേർത്തല പാണാവള്ളി കെ എസ് ഷീല, കൊല്ലം ഉമയനല്ലൂർ സുനീറ ബീവി എന്നിവരാണ് പുരസ്കാരം നേടിയത്.

ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് പരിപാടിയിൽ ഓൺലൈനായി പങ്കെടുത്തു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ പി കെ ജമീല, ആലപ്പുഴ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ സൈറു ഫിലിപ്പ് എന്നിവരായിരുന്നു ജൂറികൾ.

മെയ് 31
ലോക പുകയില രഹിത ദിനം

# പുകയില മനുഷ്യനും പരിസ്ഥിതിക്കും ഒരുപോലെ ഭീഷണി



**ഡോ. എം യു ദീപ്തി**
പ്രൊഡക്ഷൻ & ഡിസ്ട്രിബ്യൂഷൻ അസിസ്റ്റന്റ്
സംസ്ഥാന മാസ് മീഡിയ വിഭാഗം

**എല്ലാ വർഷവും** മെയ് 31 ലോകമെമ്പാടും പുകയില രഹിത ദിനമായി ആചരിക്കുന്നു. പുകയില ഉപയോഗിക്കുന്നതിന്റെ അപകടങ്ങളെക്കുറിച്ചും പുകയില ഉപയോഗിക്കുന്ന ആളുകൾ പുകയില ഉപേക്ഷിച്ച് ആരോഗ്യകരമായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവത്ക്കരണം നടത്തുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. പുകയില കൊണ്ടുണ്ടാകുന്ന മരണങ്ങളിലേക്കും രോഗങ്ങളിലേക്കും ആഗോള ശ്രദ്ധയാകർഷിക്കുക എന്ന ലക്ഷ്യത്തോടെ ലോകാരോഗ്യ സംഘടനയിലെ അംഗരാജ്യങ്ങൾ 1987-ലാണ് ലോക പുകയില രഹിത ദിനം ആചരിക്കാൻ തീരുമാനിച്ചത്. 1988 മുതലാണ് എല്ലാ വർഷവും മെയ് 31-ന് ലോക പുകയില രഹിത ദിനം ആചരിക്കാൻ ആരംഭിച്ചത്.

പുകയില : പരിസ്ഥിതിക്കും ഭീഷണി' എന്നതാണ് ഈ വർഷത്തെ ലോക പുകയില രഹിത ദിന സന്ദേശം. രോഗങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം പുകയിലയുടെ കൃഷി, ഉൽപ്പാദനം, വിതരണം, മാലിന്യം എന്നിവ മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. പുകയില കൃഷിയും, പുകയില ഉത്പന്നങ്ങളുടെ നിർമ്മാണവും, ഉപയോഗവും നമ്മുടെ പ്രകൃതിയെ രാസവസ്തുക്കൾ, വിഷ മാലിന്യങ്ങൾ, മൈക്രോപ്ലാസ്റ്റിക് എന്നിവയടങ്ങിയ സിഗരറ്റ് കുറ്റികൾ, ഇ-സിഗരറ്റ് മുതലായ മാലിന്യങ്ങളാൽ വിഷലിപ്തമാക്കുന്നു. പുകയില വ്യവസായം 84 മെഗാടൺ കാർബൺ ഡൈ ഓക്സൈഡിന് തുല്യമായ വാർഷിക ഹരിതഗൃഹ വാതകമുണ്ടാക്കുന്നു. കൂടാതെ ഇത് കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുകയും കാലാവസ്ഥാ പ്രതിരോധം കുറയ്ക്കുകയും പ്രകൃതി വിഭവങ്ങൾ പാഴാക്കുകയും പരിസ്ഥിതിയെ നശിപ്പിക്കുകയും ചെയ്യുന്നു. ഏകദേശം 3.5 ദശലക്ഷം ഹെക്ടർ ഭൂമിയാണ് ഓരോ വർഷവും പുകയില കൃഷിക്കായി നശിപ്പിക്കപ്പെടുന്നത്. പുകയില കൃഷി വനനശീകരണത്തിന് കാരണമാകുന്നു. പുകയിലത്തോട്ടങ്ങൾക്കായുള്ള വനനശീകരണം മണ്ണിന്റെ നശീകരണത്തിനും, വിളവ് കുറയുന്നതിനും കാരണമാകുന്നു.

രണ്ടാം ഗ്ലോബൽ അഡൾട്ട് ടുബാക്കോ സർവ്വേ പ്രകാരം കേരളത്തിലെ മൊത്തം പുകവലിയുടെ പ്രാചര്യം 12.7 ശതമാനമാണ്. ഒന്നാം സർവ്വേയിൽ 21.4 ശതമാനം ഉണ്ടായിരുന്ന പുകയിലയുടെ ഉപയോഗം ഗണ്യമായി കുറഞ്ഞുവെങ്കിലും 15 മുതൽ 17വയസ്സുള്ള ചെറുപ്പക്കാരിൽ ഇതിന്റെ ഉപയോഗം നേരിയ തോതിൽ വർദ്ധിച്ചത് ആശങ്കയോടെയാണ് ആരോഗ്യവകുപ്പ് വീക്ഷിക്കുന്നത്. മാത്രവുമല്ല, പൊതു സ്ഥലങ്ങളിലും ഗാർഹികവുമായുള്ള പുകയിലയുടെ ഉപയോഗം 13.7 ശതമാനത്തോളം നിഷ്ക്രിയ പുകവലിക്ക് (passive smoking) കാരണമാക്കുന്നു എന്നത് പുകവലിക്കാത്തവരെയും ഇത് ആരോഗ്യപരമായി ബാധിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ്.

പുകവലി ശ്വാസകോശത്തിന്റെയും ശ്വസനവ്യവസ്ഥയുടെയും പ്രതിരോധശേഷി കുറയ്ക്കുന്ന ഒരു വിപത്താണ്. കേരളത്തിൽ പുകയില മൂലമുള്ള മരണകാരണങ്ങളുടെ പട്ടികയിൽ പുകയിലജന്യമായ ഹൃദ്രോഗവും, വദനാർബുദവും, ശ്വാസകോശാർബുദവുമാണ് മുൻപന്തിയിൽ നിൽക്കുന്നത്. പുരുഷന്മാരിൽ കാണുന്ന അർബുദത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് പുകയിലജന്യമായ ശ്വാസകോശാർബുദവും രണ്ടാമത് പുകയിലജന്യമായ വദനാർബുദവുമാണ്. ഒരു ലക്ഷത്തിൽ അയ്യായിരം പേരെ ബാധിക്കുന്ന ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസ് (സി.ഒ.പി.ഡി)എന്ന ഗുരുതര ശ്വാസകോശത്തിന്റെ ഹേതുക്കളിൽ പ്രധാനകാരണം പുകയിലയാണ്. ഇതിന് പുറമേ പക്ഷാഘാതം, ശ്വാസകോശ രോഗങ്ങൾ, ആസ്ത്മ, ക്ഷയരോഗം എന്നിവ വർദ്ധിക്കുന്നതിലും പുകയിലയുടെ പങ്ക് വളരെ വലുതാണ്.

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ദിശയുടെ ടോൾ ഫ്രീ നമ്പറുകളായ 1056 ,104 എന്നിവ പുകവലി നിർത്തുന്നവർക്കുള്ള ക്വിറ്റ് ലൈനായി കൂടി പ്രവർത്തിക്കുന്നു. പുകയില ഉപയോഗം നിർത്തുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ നമ്പറുകളിൽ വിളിച്ച് ഡോക്ടർമാർ, സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കാം. കൂടാതെ സി.ഒ.പി.ഡി രോഗത്തിന്റെ പ്രതിരോധത്തിനും, നിയന്ത്രണത്തിനും ചികിത്സക്കും വേണ്ടിയുള്ള ശ്വാസ് ക്ലിനിക്കുകൾ, ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ, മാനസികാരോഗ്യ ക്ലിനിക്കുകൾ എന്നിവ വഴിയും സർക്കാർ ആശുപത്രികളിൽ പ്രാഥമികതലം മുതൽ പുകവലിയുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾക്കുള്ള ചികിത്സയും കൗൺസിലിംഗും ലഭ്യമാണ്. സംസ്ഥാനത്ത് ഈ വർഷം മുതൽ സബ് സെന്റർ തലത്തിൽ കൂടി പുകയില വിരുദ്ധ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിക്കും. അതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുകയില വിമുക്തമാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കും. ഇതിനായി എൻ.എസ്.എസ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും.

ഉപയോഗിക്കുന്ന ഓരോ സിഗരറ്റും പുകയില ഉത്പന്നവും നമ്മുടെ ആരോഗ്യത്തെ മാത്രമല്ല, നിലനിൽപ്പിനെ ബാധിക്കുന്ന വിലയേറിയ പ്രകൃതി വിഭവങ്ങളും പാഴാക്കുന്നു. നമ്മുടെ ആരോഗ്യത്തിനും നമ്മുടെ ഭൂമിയുടെ ആരോഗ്യത്തിനും ഇന്ന് തന്നെ പുകയില ഉപേക്ഷിക്കാം.

# ജില്ലയ്ക്ക് കരുത്തേകാൻ കൂടുതൽ ആരോഗ്യ സ്ഥാപനങ്ങൾ

## ആരോഗ്യ സ്ഥാപനങ്ങൾ ആരോഗ്യ മന്ത്രി ഉദ്ഘാടനം ചെയ്തു




ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവ്വഹിക്കുന്നു

കോട്ടയം: രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട നൂറ് ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ച ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾ നാടിന് സമർപ്പിച്ചു. പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു.

നൂറ് ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി തലനാട് പ്രാഥമിക ആരോഗ്യകേന്ദ്രം നവീകരിച്ച് കുടുംബാരോഗ്യകേന്ദ്രമായി മാറ്റി. 57 ലക്ഷം രൂപ ചെലവഴിച്ച് ദേശീയ ആരോഗ്യദൗത്യവും ഗ്രാമപഞ്ചായത്തും സംയുക്തമായാണ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയത്. കുടുംബാരോഗ്യകേന്ദ്രമായി മാറിയതോടെ കൂടുതൽ രോഗിസൗഹൃദമായ ആശുപത്രി അന്തരീക്ഷവും മെച്ചപ്പെട്ട സേവനവും ജനങ്ങൾക്ക് ലഭ്യമായി. കുളത്തുപ്രയാർ, കരിക്കാട്ടൂർ, പാഴൂത്തടം, മെയിൻ സെന്റർ മുണ്ടക്കയം, പരുത്തുംപാറ, പയ്യപ്പാടി, തോട്ടയ്ക്കാട് മെയിൻ സെന്റർ, ചിങ്ങവനം, കുണ്ടൂർ, തലനാട് മെയിൻ സെന്റർ, കല്ലമ്പാറ, എലക്കാട് എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ആയുഷ്മാൻ ഭാരത് പദ്ധതിപ്രകാരം കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളായി ഉയർത്തി. ഓരോ കേന്ദ്രങ്ങൾക്കും ശരാശരി 7 ലക്ഷം രൂപ വീതമാണ് നിർമ്മാണപ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യദൗത്യം മുഖേന ചിലവഴിച്ചത്. കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ പോഷകാഹാര ക്ലിനിക്ക്, പ്രായമായവർക്കുള്ള ആരോഗ്യസേവനങ്ങൾ, കുഞ്ഞുങ്ങളുടെ വളർച്ച പരിശോധന, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലി രോഗ പരിശോധന, ഗർഭിണികൾക്കുള്ള പരിശോധനകൾ, കൗമാരക്കാർക്കായുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. രോഗികളുടെ സൗകര്യത്തിനായി നിലവിലുള്ള ജീവനക്കാർക്ക് പുറമേ ഒരു സ്റ്റാഫ് നഴ്സിനെകൂടി ഇവിടെ നിയമിച്ചു. പി എം കെയർ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ മിനിറ്റിൽ 1000 ലിറ്റർ ഓക്സിജൻ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള പ്ലാന്റും നിർമ്മിച്ചിട്ടുണ്ട്.

# നേത്ര ചികിത്സയും ഫിസിയോ തെറാപ്പി യുണിറ്റുമായി എടവണ്ണ സി.എച്ച്.സി



മലപ്പുറം: രോഗികൾക്ക് മികച്ച നേത്ര ചികിത്സാസൗകര്യവും പാലിയേറ്റീവ് രോഗികൾക്ക് ഫിസിയോ തെറാപ്പി സൗകര്യവുമൊരുക്കി എടവണ്ണ സാമൂഹികാരോഗ്യകേന്ദ്രം. സംസ്ഥാനത്തെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച നേത്രപരിശോധന യൂണിറ്റാണ് ഇവിടെ പ്രവർത്തിക്കുന്നത്.

അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് കമ്പ്യൂട്ടറൈസ്ഡ് കാഴ്ച പരിശോധന, നേത്ര നാഡി പരിശോധന, ഡിജിറ്റൽ കാഴ്ച പരിശോധന തുടങ്ങിയ സേവനങ്ങളാണ് ഇവിടെ നൽകുന്നത്. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലാണ് നേത്ര പരിശോധന വിഭാഗം പ്രവർത്തിക്കുന്നത്. ഓരോ രോഗിക്കും ഏറ്റവും മികച്ച നേത്ര സംരക്ഷണം നൽകാൻ ഇതിലൂടെ സാധിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എട്ട് ലക്ഷം രൂപ ചെലവിട്ടാണ് നേത്ര വിഭാഗം ഒരുക്കിയിരിക്കുന്നത്. എൻ എച്ച്എം അനുവദിച്ച നാല് ലക്ഷം രൂപ ചെലവഴിച്ചാണ് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് ഫിസിയോ തെറാപ്പി യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. ആഴ്ചയിൽ രണ്ടു ദിവസം പാലിയേറ്റീവ് കെയർ രോഗികൾക്ക് ഇവിടെ നിന്നും ഫിസിയോതെറാപ്പി സേവനം നൽകുന്നു.

**സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പ് ഒരുക്കിയ സ്റ്റാൾ**



# നവജാത ശിശുക്കൾക്ക് മികച്ച ചികിത്സയുമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി

### എസ് എൻ സി യുവും പീഡിയാട്രിക് വാർഡും ഉദ്ഘാടന സജ്ജം



കാസർഗോഡ്: നവജാത ശിശുക്കൾക്ക് മികച്ച പരിചരണവും ചികിത്സയും ഉറപ്പാക്കാൻ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഒരുങ്ങിക്കഴിഞ്ഞു. സർക്കാറിന്റെ 100 ദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റും (എസ് എൻ സി യു) സെൻട്രലൈസ്ഡ് ഓക്സിജൻ ബെഡ്ഡോട് കൂടിയ പീഡിയാട്രിക് വാർഡും പണി പൂർത്തീകരിച്ച് ഉദ്ഘാടന സജ്ജമാക്കിയിരിക്കുന്നത്. ജില്ലയിലെ ആദ്യത്തെ എസ് എൻ സിയുവാണ് ഇവിടെ ആരംഭിക്കാനിരിക്കുന്നത്.

പുതിയതായി ആരംഭിക്കുന്ന സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ റിസപ്ഷൻ, സ്റ്റാഫ് റൂം, എസ് എൻ സി യു റൂം, മെയിൻ എസ് എൻ സി യു, സ്റ്റെപ്പ് ഡൗൺ എസ് എൻ സി യു, ഐസൊലേഷൻ റൂം, സ്റ്റോറേജ് റൂം, ഫീഡിംഗ് റൂം, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ്, വാഷിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തൂക്ക കുറവുള്ള നവജാത ശിശുക്കളുടെ സംരക്ഷണം, ബിലിറൂബിൻ കൂടിയ കുഞ്ഞുങ്ങൾക്ക് ഫോട്ടോ തെറാപ്പി സൗകര്യം, അണുബാധയേറ്റ കുഞ്ഞുങ്ങൾക്കുള്ള പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാകും. സീനിയർ പീഡിയാട്രീഷന്റെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടേയും, പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സ്മാരുടേയും സേവനമാണ് ഇവിടെ നിന്നും ലഭ്യമാവുക.

> **കേരളത്തിൽ എൻ ക്യു എ എസ് അംഗീകാരം നേടിയ ആദ്യ ആശുപത്രിയാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി.**

ദേശീയ ആരോഗ്യ ദൗത്യം അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ചാണ് ആധുനിക നിലവാരത്തിലുള്ള സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് നിർമ്മിച്ചിട്ടുള്ളത്. ഇതിൽ 34 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തിയും 16 ലക്ഷം രൂപയുടെ ഉപകരണങ്ങളും അനുവദിച്ചു. ഇ സി ആർ പിയിലൂടെ 36 ലക്ഷം ഉപയോഗിച്ചാണ് പീഡിയാട്രിക് വാർഡ് നിർമ്മാണം പൂർത്തീകരിച്ചത്. ആശുപത്രിയുടെ വികസന പ്രവർത്തനത്തിനായി 3.79 കോടി രൂപ (ലക്ഷ്യ സ്റ്റാൻഡേർഡിലുള്ള ലേബർ റൂം, ഓ പി ഡി ബ്ലോക്ക് ഉൾപ്പെടെ) രൂപയാണ് ജില്ലാശുപത്രിക്ക് എൻ എച്ച് എം വഴി അനുവദിച്ചിട്ടുള്ളത്. എൻ എച്ച് എം സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചത്.

കേരളത്തിൽ എൻ ക്യു എ എസ് അംഗീകാരം നേടിയ ആദ്യ ആശുപത്രിയാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി.

# ജില്ലാ മെഡിക്കൽ ഓഫീസിന് നവീകരിച്ച കോൺഫറൻസ് ഹാൾ



നവീകരിച്ച കോൺഫറൻസ് ഹാൾ

ഇടുക്കി: ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) നവീകരിച്ച കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ ഷീബാ ജോർജ്ജ് നിർവ്വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജേക്കബ് വർഗീസ് അദ്ധ്യക്ഷനായി.

ജില്ലാ ആരോഗ്യവകുപ്പിന്റെ കോൺഫറൻസുകളും പരിശീലനങ്ങളും നടത്തുന്നതിനാവശ്യമായ ഹാളിന്റെ നവീകരണം ആരോഗ്യകേരളത്തിന്റെ ആഭിമുഖ്യത്തിലാണ് പൂർത്തിയാക്കിയത്. ഡി.എം.ഒ ഓഫീസിന്റെ ഏറ്റവും മുകളിലത്തെ നിലയിൽ ഉണ്ടായിരുന്ന ഹാളിൽ ഇരുമ്പ് ഷീറ്റിന്റെ മേൽക്കൂരയായതിനാൽ വെളിയിലുള്ള ശബ്ദം തടയുന്നതിനായി സൗണ്ട് പ്രൂഫ് അക്വസ്റ്റിക് സീലിംഗ് ആണ് ചെയ്തിരിക്കുന്നത്. വീഡിയോ കോൺഫറൻസിനായി അത്യാധുനിക ക്യാമറ സംവിധാനവും എൽ.ഇ. ഡി ടിവി, പ്രൊജക്ടർ, എൽ.സി.ഡി സ്ക്രീൻ മുതലായവയും സ്ഥാപിച്ചിട്ടുണ്ട്. വ്യക്തമായ ശബ്ദം പ്രതിധ്വനിക്കാതെ കേൾക്കുന്നതിനായി സ്റ്റീരിയോ സൗണ്ട് സിസ്റ്റം ആണ് ക്രമീകരിച്ചിരിക്കുന്നത്. ഹാളിൽ ടച്ച് സ്ക്രീൻ കംപ്യൂട്ടറും പ്രൊഫഷണൽ മൈക്കോടുകൂടിയ പോഡിയവും ലഭ്യമാക്കിയിട്ടുണ്ട്. ഹാളിൽ സുരക്ഷ ഒരുക്കുന്നതിനായി നിരീക്ഷണ ക്യാമറയും, അതിൽ നിന്നുള്ള സന്ദേശം ഡി.എം.ഒയ്ക്കും ഹാളിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനും ലഭ്യമാകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

1900 ചതുരശ്ര അടിവിസ്തീർണത്തിലാണ് ഹാൾ ഒരുക്കിയിരിക്കുന്നത്. ഒരേ സമയം നൂറ് പേർക്ക് ട്രെയിനിംഗ് നൽകാൻ സാധിക്കും. കൂടാതെ ഡൈനിംഗ്ഹാളും ക്രമീകരിച്ചിട്ടുണ്ട്.

# സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ആരംഭിക്കും: ആരോഗ്യമന്ത്രി

### വിവിധ പദ്ധതികൾ മന്ത്രി ഉദ്ഘാടനം ചെയ്തു






ആലപ്പുഴ: ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആശുപത്രിയിൽ പൂർത്തീകരിച്ച വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആലപ്പുഴക്ക് പുറമെ മലബാർ മേഖലയിലും ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആർദ്രം മിഷന് കീഴിൽ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ സമാനതകളില്ലാത്ത മുന്നേറ്റമുണ്ടായി. രണ്ടാം നവകേരള കർമ പദ്ധതിയുടെ ഭാഗമായി നിലവിലെ സർക്കാർ ആരോഗ്യ മേഖലയിൽ കൂടുതൽ വിപുലമായ വികസന പ്രവർത്തനങ്ങൾ നടത്തിവരികയാണ്, മന്ത്രി പറഞ്ഞു.

തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഇൻഫെർട്ടിലിറ്റി ക്ലിനിക്കിൽ കാസർഗാഡ് ജില്ലയിൽ നിന്ന് വരെ ചികിത്സക്കായി എത്തുന്നുണ്ട്. ഈ ക്ലിനിക്കിനെ ഒരു മാസത്തിനുള്ളിൽ സ്വതന്ത്ര യൂണിറ്റാക്കി മാറ്റും. ആരോഗ്യ മേഖലയുടെ സമഗ്ര വികസനമാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്. ഇതേ ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്തെ 402 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം വഴി ഓൺലൈൻ ടോക്കൺ എടുക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ മേഖലയിലെ എല്ലാ ആശുപത്രികളെയും ഇ- ഹെൽത്ത് സംവിധാനത്തിനു കീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം ആരോഗ്യ പ്രവർത്തകരുടെ സമീപനം രോഗീ സൗഹൃദമാക്കുകയും മികച്ച ചികിത്സ ഉറപ്പാക്കുകയും വേണം. അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ വിജിലൻസ് സംവിധാനം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന്റെ സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജനങ്ങൾക്ക് നേരിട്ട് മന്ത്രിക്ക് നൽകാൻ കഴിയുന്ന സംവിധാനവും സജ്ജമാക്കും. മന്ത്രി പറഞ്ഞു.

> **രണ്ടാം നവകേരള കർമ പദ്ധതിയുടെ ഭാഗമായി നിലവിലെ സർക്കാർ ആരോഗ്യ മേഖലയിൽ കൂടുതൽ വിപുലമായ വികസന പ്രവർത്തനങ്ങൾ നടത്തി വരികയാണ്**



അത്യാധുനിക പ്രസവ ശുശ്രൂഷ വിഭാഗം, പീഡിയാട്രിക്ക് ഐ.സി.യു, മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, ഓക്സിജൻ പ്ലാന്റ്, പവർ ലോൺട്രി, എക്സ്-റേ യൂണിറ്റ്, സ്ത്രീ സൗഹൃദ കേന്ദ്രം എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്. അത്യാധുനിക പ്രസവ ശുശ്രൂഷ വിഭാഗത്തിൽ മികച്ച ഭൗതിക സൗകര്യങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. പീഡിയാട്രിക് ഐ സി യുവിൽ 12 ഐസിയു കിടക്കകളും 30 ഓക്സിജൻ കിടക്കകളും ക്രമീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെ ബെഡ്ഷീറ്റുകൾ ശസ്ത്രക്രിയക്ക് ഉപയോഗിക്കുന്ന തുണികൾ എന്നിവ കൂടുതൽ വൃത്തിയാക്കുന്നതിന് പുതിയ പവ്വർ ലോൺഡ്രി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സ തേടുന്നവർക്കും കൂട്ടിരിപ്പുകാർക്കുമായി വിശ്രമ സൗകര്യം, ശൗചാലയം, മുലയൂട്ടൽ മുറി എന്നിവയും സ്ത്രീ സൗഹൃദ കേന്ദ്രത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. പുതുതായി സ്ഥാപിച്ച ഓക്സിജൻ പ്ലാന്റ് വഴി 1000 ലിറ്റർ ഓക്സിജൻ ഉൽപാദിപ്പിക്കുന്നതിനും അതുവഴി ആശുപത്രിക്കാവശ്യമായ ഓക്സിജൻ വിതരണം ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നു. ലക്ഷ്യ പദ്ധതി പ്രകാരം ആശുപത്രിയിലെ 131 കിടക്കകളിലേക്ക് ഓക്സിജൻ വിതരണം ഉറപ്പ് വരുത്തും വിധം മെഡിക്കൽ ഗ്യാസ് ലൈൻ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. നവീകരിച്ച എക്സ്-റേ വിഭാഗത്തിൽ ആരംഭിച്ച അത്യാധുനിക ഡിജിറ്റൽ എക്സ്-റേ സംവിധാനം വഴി നവജാത ശിശുക്കളിലെ അംഗവൈകല്യങ്ങൾ കണ്ടെത്താൻ സാധിക്കും.

# കാർബൺ തുലിത; പദ്ധതിയുടെ ഭാഗമാവാൻ ആരോഗ്യവകുപ്പും



എൻപിസിസിഎച്ച്എച്ച് ദേശീയ ശിൽപശാല ഫീൽഡ് വിസിറ്റിന്റെ ഭാഗമായി ഉന്നതതല സംഘം വയനാട്ടിലെത്തിയപ്പോൾ

കൽപ്പറ്റ: കാലാവസ്ഥാ വ്യതിയാനവും ആരോഗ്യപ്രശ്നങ്ങളും ചർച്ചാവിഷയമാകുന്ന സാഹചര്യത്തിൽ രാജ്യത്തിന് മാതൃകയാവുകയാണ് കാർബൺ തുലിത വയനാട് പദ്ധതി. പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഭാഗമാവാൻ ആരോഗ്യവകുപ്പും. വ്യാപകമായി വനവൽക്കരണം നടത്തി കാർബണിന്റെ അളവ് കുറച്ച് ആരോഗ്യകരമായ അന്തരീക്ഷം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വയനാട്ടിൽ മീനങ്ങാടി ഗ്രാമ പഞ്ചായത്തിൽ പൈലറ്റ് പദ്ധതിയായി കാർബൺ തുലിത ആരംഭിച്ചത്. മാനികാവിൽ 34 ഏക്കർ സ്ഥലത്ത് 'പുണ്യവനം' പരിപാടി ഇതിനോടകം നടപ്പിലാക്കി. നാഷണൽ പ്രോഗ്രാം ഓൺ ക്ലൈമറ്റ് ചേഞ്ച് ആന്റ് ഹ്യൂമൺ ഹെൽത്ത് (എൻ.പി.സി.സി.എച്ച്.എച്ച്) ദേശീയ ശിൽപശാലയുടെ ഭാഗമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം, ലോകാരോഗ്യ സംഘടന, സംസ്ഥാന ആരോഗ്യവകുപ്, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉന്നതതല സംഘം എന്നിവർ പുണ്യവനം' സന്ദർശിച്ചു. നബാർഡുമായി സഹകരിച്ചാണ് ആരോഗ്യവകുപ് കാലാവസ്ഥാ സാക്ഷരതാ പരിപാടി നടപ്പാക്കുന്നത്.

മാനികാവ് സ്കൂളിൽ ഇതിനകം മുളവൽക്കരണം പൂർത്തിയായിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും വനവൽക്കരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. രാജ്യത്ത് ആദ്യമായാണ് ഒരു പഞ്ചായത്ത് തലത്തിൽ കാലാവസ്ഥാ സാക്ഷരത പരിപാടി നടപ്പാക്കുന്നത്. കാലാവസ്ഥയും അതിനുണ്ടാകുന്ന വ്യതിയാനങ്ങളും ശാസ്ത്രീയമായി ജനങ്ങളെ ബോധ്യപ്പെടുത്തുക, വെല്ലുവിളികൾ നേരിടാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കാലാവസ്ഥ സാക്ഷരതാ പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. എല്ലാ വാർഡുകളിലും യോഗങ്ങൾ വിളിച്ചുചേർത്ത് പോസ്റ്റർ-വീഡിയോ പ്രദർശനങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ് ആദ്യഘട്ട സാക്ഷരതാ പ്രവർത്തനം. കൂടാതെ കാലാവസ്ഥ സാക്ഷരതാ കൈപുസ്തകവും പുറത്തിറക്കുന്നുണ്ട്. നവ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിലൂടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലേക്കും വിവരങ്ങൾ എത്തിക്കും.

> **മാനികാവിൽ 34 ഏക്കർ സ്ഥലത്ത് 'പുണ്യവനം' പരിപാടി ഇതിനോടകം നടപ്പിലാക്കി**

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും കടുത്ത പ്രത്യാഘാതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജില്ലകളിൽ ഒന്നാണ് വയനാട്. സംസ്ഥാനത്തെ അതിരൂക്ഷ വരൾച്ചാ സാധ്യതാ പ്രദേശങ്ങളിൽ സുൽത്താൻ ബത്തേരി ബ്ലോക്കും ഉൾപ്പെടുന്നു. ജില്ലയുടെ സാമൂഹിക സാമ്പത്തിക മേഖലകൾ ഏറ്റവും കൂടുതലായി ആശ്രയിക്കുന്നത് കൃഷിയെയും വനങ്ങളെയുമാണ്. അന്തരീക്ഷ താപനിലയിലുണ്ടാകുന്ന ഓരോ ഡിഗ്രി വർദ്ധനവിനനുസരിച്ചും നെല്ലുൽപാദനത്തിൽ ആറു ശതമാനം കുറവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. അന്തരീക്ഷ ഈർപ്പത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ കന്നുകാലികൾക്ക് പുതിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും അനുകൂല തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന നഷ്ടങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും വേണ്ടിയാണ് കാർബൺ തുലിത വയനാട് പദ്ധതി നടപ്പാക്കുന്നത്. ജില്ലയുടെ വിവിധ മേഖലകളിൽ നിന്നുള്ള കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് താരതമ്യം ചെയ്ത് വിശകലനം നടത്തി കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുമാണ് ഈ പദ്ധതിയിലൂടെ സാധ്യമാക്കുന്നത്.

ലോകരാജ്യങ്ങൾ കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യത്തിനായി മുറവിളി കൂട്ടുമ്പോൾ, അതിന്റെ പ്രാദേശികമായ ഒരു മാതൃകയായി വയനാട് ജില്ലയെ മാറ്റി അന്താരാഷ്ട്ര ശ്രദ്ധ നേടുകയാണ് കാർബൺ തുലിത വയനാട് പദ്ധതി.

# അട്ടപ്പാടിയിൽ സബ്സെൻറർ ടീം പരിശീലനം സംഘടിപ്പിച്ചു



പരിശീലന പരിപാടിയിൽ വിദഗ്ധർ സംസാരിക്കുന്നു

പാലക്കാട്: അട്ടപ്പാടിയിലെ ആദിവാസി വിഭാഗം നേരിടുന്ന വിവിധ ആരോഗ്യ പ്രശ്നങ്ങൾ താഴെത്തട്ടിൽ നിന്ന് പരിഹരിക്കുന്നതിനും ആരോഗ്യ ഉപകേന്ദ്രങ്ങളുടെ ശാക്തീകരണവും ലക്ഷ്യമാക്കി ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. മെയ് 10 മുതൽ 12 വരെ അഗളി കില കേന്ദ്രീകരിച്ച് നടന്ന പരിശീലന പരിപാടിയുടെ ആദ്യ ഘട്ടം ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി ആർ രാജു ഉദ്ഘാടനം ചെയ്തു.

അട്ടപ്പാടിയിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, ആരോഗ്യ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പാക്കുക, പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, പ്രാദേശിക ആരോഗ്യപ്രവർത്തകരുടെ ആത്മവീര്യവും പ്രവർത്തനശേഷിയും വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പരിശീലനം സംഘടിപ്പിച്ചത്. ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്താനാവശ്യമായ രൂപരേഖ തയ്യാറാക്കി. അട്ടപ്പാടിയിൽ ആകെ പരിശീലനം ലഭിക്കേണ്ട 438 ഗുണഭോക്താക്കളിൽ നിന്നും 240 പേർക്കാണ് ആദ്യ ബാച്ചിൽ പരിശീലനം നൽകിയത്.

അട്ടപ്പാടിയിലെ ഉപ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും നേതൃപരമായ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിന് നടത്തിയ പരിശീലനത്തിൽ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആർ ബി എസ് കെ നഴ്സുമാർ, ആശാ പ്രവർത്തകർ, എസ് സി പ്രമോട്ടർമാർ, അംഗനവാടി പ്രവർത്തകർ, പഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. അട്ടപ്പാടിയിലെ ഭാവി പ്രവർത്തന പരിപാടികൾക്കായി എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സമഗ്രമായ ആരോഗ്യ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകളും പരിശീലനത്തിന്റെ ഭാഗമായി നടന്നു.

# അമ്മമനസ്സിന് ജില്ലയിൽ മികച്ച തുടക്കം

കൊല്ലം : ഗർഭിണികളുടെയും അമ്മമാരുടെയും മാനസികാരോഗ്യം ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കുന്ന അമ്മമനസ്സ് പദ്ധതിക്ക് ജില്ലയിൽ തുടക്കം. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് നിർവ്വഹിച്ചു.

ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനുളള പിന്തുണ നൽകുക, ഗർഭകാലത്തെയും പ്രസവാനന്തര കാലത്തെയും മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കൗസിലിംഗ് ലഭ്യമാക്കുക എന്നിവയാണ് അമ്മമനസ്സ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗർഭകാലത്ത് അമ്മമാർക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം മൂലം ജനിക്കുന്ന കുട്ടികളിൽ ഉത്കണ്ഠ, വിഷാദം, ഓട്ടിസം തുടങ്ങിയ മാനസിക പ്രശ്നങ്ങൾ എന്നിവ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. പ്രസവാനന്തരമുള്ള വിഷാദ രോഗം കുട്ടികളിൽ പെരുമാറ്റ-വൈകാരിക വൈകല്യങ്ങളും ഉണ്ടാക്കാനിടയാക്കും. അമ്മമാരുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിലൂടെ കുഞ്ഞുങ്ങളിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാവും.

പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും അമ്മമനസ്സ് സ്ക്രീനിംഗ് കാർഡ് ലഭ്യമാക്കും. ഈ കാർഡ് മുഖേന ചികിത്സക്കെത്തുന്ന ഗർഭിണികൾക്കായി സ്ക്രീനിംഗ് നടത്തുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാനസിക പിന്തുണ ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുകയും ചെയ്യും.



# ജില്ലയിലെ 18ാമത്തെ നഗരപ്രാഥമിക ആരോഗ്യകേന്ദ്രം വർക്കലയിൽ

## കരുനിലക്കോട് നഗര പ്രാഥമികാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു




വർക്കല: ജില്ലയിലെ 18ാമത്തെ നഗരപ്രാഥമികാരോഗ്യകേന്ദ്രം വർക്കലയിൽ പ്രവർത്തനം ആരംഭിച്ചു. കരുനിലക്കോട് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം അഡ്വ. വി. ജോയി എം എൽ എ നിർവഹിച്ചു.

നഗര പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങൾക്കും സമ്പൂർണ്ണ പ്രാഥമിക ആരോഗ്യ സേവനം സൗജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നഗരപ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ സേവനം കരുനിലക്കോട് നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് ലഭിക്കും. ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ ഒമ്പത് മണി മുതൽ വൈകിട്ട് നാല് വരെയാണ് കേന്ദ്രം പ്രവർത്തിക്കുക. ഒ പി സേവനങ്ങൾ, ഫാർമസി, ലാബ്, നഴ്സിംഗ് സേവനങ്ങൾ എന്നിവ ലഭിക്കും. പ്രതിരോധ കുത്തിവെപ്പിനുള്ള സൗകര്യവും ജീവിത ശൈലീരോഗ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ഫീൽഡ്തല പ്രവർത്തനങ്ങൾ എന്നീ സേവനങ്ങളും ലഭ്യമാകും.

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**ഡോ. രത്തൻ ഖേൽക്കർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസി. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെസി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെസി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വി കെ വർഷ**
ജെസി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജൂനിയർ കൺസൾട്ടന്റ്, തിരുവനന്തപുരം
**അശ്വിനി രവീന്ദ്രൻ**
ജൂനിയർ കൺസൾട്ടന്റ്, കൊല്ലം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഗസി), തൃശൂർ
**ആഗ്നൽ ജോസഫ്**
ജൂനിയർ കൺസൾട്ടന്റ്, ആലപ്പുഴ
**ജിജിൽ മാത്യൂ**
ജൂനിയർ കൺസൾട്ടന്റ്, ഇടുക്കി
**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം
**ദിവ്യ ഇ ആർ**
ജൂനിയർ കൺസൾട്ടന്റ്, മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്, കോഴിക്കോട്
**നിജിൽ**
ജൂനിയർ കൺസൾട്ടന്റ്, വയനാട്
**പ്രീത എൻ**
ജൂനിയർ കൺസൾട്ടന്റ്, പാലക്കാട്
**കമൽ കെ ജോസ്**
ജൂനിയർ കൺസൾട്ടന്റ്, കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻഓഫീസ്